ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ തൃപ്പനച്ചി, കിഴുവിന പി.എച്ച്.സി.-കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഇല്ല.

(ബി ആന്റ് സി) ബാധകമല്ല.

കാസർകോഡ് ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-2)-മാരെ നിയമിക്കാൻ നടപടി

122 [3174] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര പേരെ അതിൽ നിന്നും നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകി ജെ.എച്ച്.ഐ. ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാത്തതുകൊണ്ട് അവർക്കുണ്ടായ നഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇപ്പോൾ ഒഴിവുള്ള തസ്തികകളിൽ റാങ്ക്ലിസ്റ്റിൽ ഉള്ളവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ അഞ്ച് ഒഴിവുകൾ ഉണ്ട്. ഇതിൽ മൂന്ന് എണ്ണം സ്പെഷ്യൽ റിക്രൂട്ട്മെന്റിന് സംവരണം ചെയ്തിരിക്കുന്നു. ആയത് പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി രണ്ടെണ്ണം അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നീക്കിവച്ചിരിക്കുന്നു.

(ബി) 91 പേരെ നിയമിച്ചിട്ടുണ്ട്.

(സി) നിയമിച്ചിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ 12 പേരെ നിയമിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പാസ്സും ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ്/ സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും പാസ്സായവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പ്രൊമോട്ട് ചെയ്താണ് നിയമനം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ ആന്റ് എഫ്) ഇപ്പോൾ ഒഴിവുകൾ നിലവിലില്ല. ഉത്തരം 'എ'-യിൽ പരാമർശിച്ചിട്ടുള്ള ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കാൻ കഴിയുകയില്ല.

മലിനീകരണ നിയന്ത്രണ ബോർഡിനെ സ്വാധീനിച്ച് സർട്ടിഫിക്കറ്റ് നേടുന്നത് തടയാൻ നടപടി

123 [3177] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടാൻ ഉത്തരവിട്ട് 32 വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തനം തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന്റെ നടപടി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് അന്വഷണം നടത്തി കുറ്റക്കാരായ വർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിലെ മെമ്പർമാരെയും ഉദ്യോഗസ്ഥന്മാരെയും സ്വാധീനിച്ച് നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി സർട്ടിഫിക്കറ്റ് നേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുതടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ബോർഡ് വ്യവസായ സ്ഥാപനങ്ങൾക്ക് അടച്ചുപൂട്ടാൻ ഉത്തരവ് നൽകിയത്. അതിനുശേഷം കേരളം സന്ദർശിച്ച, സുപ്രീംകോടതി നിർദ്ദേശിച്ച മോണിട്ടറിംഗ് കമ്മിറ്റി, വ്യവസായ സ്ഥാപനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ 2005 മാർച്ച് 15 വരെ സമയം അനുവദിച്ചു. അതിൻ പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

3175, 3176 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly